"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - - പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി. പ്രീത. എ യ്ക്ക് പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവന കാലാവധി-ദീർഘിപ്പിക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ) നം.426/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/02/2021

---

പരാമർശം:- 1 10.03.13 ലെ 42/2013/ധന നമ്പർ സർക്കുലർ.

2 സ.ഉ(സാധാ)നം 1000/15/തസ്വഭവ, തീയതി 30.03.2015.

3 സ.ഉ(സാധാ)നം 1782/2016/തസ്വഭവ, തീയതി28.05.2016.

4 സ.ഉ(സാധാ)നം 1800/2016/തസ്വഭവ, തീയതി 30.05.2016.

5 സ.ഉ(സാധാ)നം 1198/2017/തസ്വഭവ, തീയതി 18.04.2017.

6 സ.ഉ(സാധാ)നം 773/2018/തസ്വഭവ, തീയതി 22.03.2018.

7 സ.ഉ(സാധാ)നം 1124/2019/തസ്വഭവ, തീയതി 01.06.2019.

8 സ.ഉ(സാധാ)നം 2179/2019/തസ്വഭവ, തീയതി 04.10.2019.

9 ശ്രീമതി.പ്രീത.എ യുടെ 20.03.2020ലെ അപേക്ഷ.

10 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23.03.2020ലെ എ1 - 941/15നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിചെയ്യുന്ന പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി. പ്രീത. എ യ്ക്ക് അന്യത്രസേവനകാലയളവ് ദീർഘിപ്പിച്ച് നല്കണമെന്നാവശ്യപ്പെട്ട് പരാമർശം (9) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (10) പ്രകാരം പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചു. ശ്രീമതി. പ്രീത. എ യ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ഒരു വർഷത്തേക്ക് അന്യത്രസേവനവ്യവസ്ഥയിൽ നിയമനം നൽകുകയും പരാമർശം (3), പരാമർശം (4), പരാമർ ശം (5), പരാമർ ശം (6) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഓരോ വർഷത്തേക്കും, പരാമർശം (7), പരാമർശം (8) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ആറ് മാസത്തേക്ക് വീതവും അന്യത്രസേവനകാലയളവ് ദീർഘിപ്പിച്ചു നല്കുകയും ചെയ്തിരുന്നു. ശ്രീമതി. പ്രീത. എ യുടെ അന്യത്ര സേവന വ്യവസ്ഥയിലുള്ള നിയമന കാലാവധി 17.04.2020 ൽ അവസാനിച്ചു. എന്നാൽ കോവിഡ് 19 പശ്ചാത്തലത്തിൽ ശ്രീമതി.പ്രീത.എ, തന്റെ ഡെപ്യൂട്ടേഷൻ കാലയളവ് വീണ്ടും 6 മാസമെങ്കിലും ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീമതി.പ്രീത.എ-യുടെ അപേക്ഷ കോവിഡ് -19

പശ്ചാത്തലത്തിൽ മാനുഷിക പരിഗണന അർഹിക്കുന്നതാകയാൽ അന്യത്രസേവന വ്യവസ്ഥകൾ പ്രകാരവും പരാമർശം (1) സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവനത്തിൽ തുടരുന്ന പൊതുഭരണ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി. പ്രീത. എ യുടെ അന്യത്രസേവന കാലാവധി 18.04.2020 മുതൽ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിയ്ക്കാത്ത പക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥയെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃ വകുപ്പിലേക്ക് തിരിച്ചു പോകാതിരിക്കുകയും ചെയ്താൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടിയാളെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പൊതുഭരണ (സർവീസസ് ഇ) വകുപ്പ്.

സെക്രട്ടറി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം,

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, പത്തനംതിട്ട.

ശ്രീമതി. പ്രീത. എ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഓഫീസ്(പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറി മുഖേന)

ഇൻഫർമേഷൻ ആന്‍ഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ1/113/2020/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ